ഈ ലോകോത്തര സൃഷ്ടി രണ്ടുമതുലം,
ചേലൊത്ത വാലത്തിത–
ന്നാലോലാമല നീലനീരദമിഴി–
ത്തുമ്പിൻെറ വമ്പല്ലയോ?'

'ആ ലാവണ്യപയോധിയാകുമരയ–
പ്പെണ്ണിന്നൊരുണ്ണിക്കിടാ–
വാലാക്കിൽ സ്പൃഹണീയ വെണ്മണലണി–
ദ്വീപിൽപ്പിറക്കായ്കിലോ,
നൂലാമാലകൾ തീർത്തു മാമറകളെ–
ദ്ദോഷജ്ഞർ വാഴ്ത്തുംവിധം
നാലായിട്ടു പകുക്കുവാ,നിതരനാ–
രുണ്ടായിരുന്നു വിഭോ?'

എന്നതുപോലെയുള്ള, രചനാഭംഗി തികഞ്ഞ പദ്യങ്ങൾ, ജാതിവിവേചനത്തെ ആക്ഷേപിക്കുന്ന ആ കൃതിയിൽ ഉള്ളതാണ്.

കറുപ്പൻ അമ്പത്തിമൂന്നാം വയസ്സിൽ അന്തരിച്ചു. അദ്ദേഹത്തിൻെറ ജനനശതാബ്ദി ഈ മെയ്മാസത്തിൽ എറണാകുളത്തു് ആഘോഷിക്കപ്പെട്ടു. 'കറുപ്പൻമാസ്റ്ററുടെ' കൃതികൾ പ്രായേണ പ്രചാരലുപ്തങ്ങളായിക്കഴിഞ്ഞെങ്കിലും, അദ്ദേഹത്തിൻെറ ഗംഭീരസുന്ദരമായ ആകാരവും പ്രസന്നമധുരമായ പെരുമാററവും അനുസ്മരിക്കുന്ന പലരും ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ട്. കേരളത്തിലെ നാടൻപാട്ടുകളുടെ പുനരുദ്ധാരണത്തിൽ താല്പര്യമുള്ളവർ ഈ രംഗത്തിൽ ഒരു മാർഗദർശകനായി അദ്ദേഹത്തെ എന്നും കൊണ്ടാടാതിരിക്കുകയില്ല.

(26 മെയ്, 1984)

# 66. ലാമാ അനാഗാരിക ഗോവിന്ദൻ

ലാമാ അനാഗാരിക ഗോവിന്ദന് ഇപ്പോൾ എൺപത്താറു വയസ്സായി. നാല്പത്തിനാലുകൊല്ലം മുമ്പുവരെ അദ്ദേഹത്തിൻെറ പേരു് ഏണെസ്റ്റ് ലോഥർ ഹോഫ്മൺ എന്നായിരുന്നു. ജർമനിയിൽപ്പിറന്ന അദ്ദേഹം ഇരുപത്തിരണ്ടാം വയസ്സിൽ ബുദ്ധമതം കൈക്കൊണ്ടു. അന്നു സ്വീകരിച്ച പേരാണ് ലാമാ അനാഗാരിക ഗോവിന്ദൻ എന്നതു്. ബുദ്ധമതത്തെപ്പററി ജർമൻ ഭാഷയിൽ അദ്ദേഹം രചിച്ച 'ബുദ്ധധർമത്തിൻെറ അടിസ്ഥാനതത്ത്വങ്ങൾ' എന്ന ഗ്രന്ഥം പ്രസിദ്ധമാണ്. ഈ ഗ്രന്ഥത്തേക്കാൾ പ്രസിദ്ധിനേടിയിട്ടുണ്ട് ഗോവിന്ദൻ വരച്ച ചിത്രങ്ങൾ.

. ഇക്കഴിഞ്ഞ മെയ്മാസത്തിൽ പടിഞ്ഞാറെ ജർമനിയിൽ ഒരു 'ബുദ്ധമതവാരം' കൊണ്ടാടുകയുണ്ടായി. ഇതോടനുബന്ധിച്ച് 'സ്റ്റുട്ട് ഗാർട്ടു്' എന്ന നഗരത്തിൽ ഒരു പ്രദർശനം സംഘടിപ്പിക്കപ്പെട്ടു. പ്രദർശനത്തിലെ പ്രധാന ആകർഷണം ലാമാ അനാഗാരിക ഗോവിന്ദൻെറ ചിത്രങ്ങൾ ആയിരുന്നു. ചീനക്കാർ തിബത്ത് കൈയടക്കുംമുമ്പ് ലാമാ ഗോവിന്ദൻ തിബത്ത് സന്ദർശിച്ചിരുന്നു. തിബത്ത് സന്ദർശനക്കാലത്തു് ഗോവിന്ദൻ വരച്ചവയായിരുന്നു ഈ ചിത്രങ്ങൾ. മതപരമായ ഉള്ളടക്കവും രഹസ്യാത്മകമായ വിദൂരാന്തരീക്ഷവുമുള്ള ഈ ചിത്രങ്ങൾ കാണാൻ ജർമൻകാർ തിരക്കിക്കൂടിയതിൽ ആശ്ചര്യമില്ല.

ലാമാ എന്നാൽ, ഭിക്ഷു. 'അനാഗാരികൻ' എന്നാൽ, വീട്ട് ഇല്ലാത്തവൻ. ഹിന്ദുക്കരം 'പരിവ്രാജകൻ' എന്ന പേരുകൊണ്ട് സന്ന്യാസിമാരെ കുറിക്കുന്നു. ഈ അർത്ഥത്തിൽത്തന്നെയാണ് ബുദ്ധമതക്കാർ 'അനാഗാരികൻ' എന്ന വാക്ക് ഉപയോഗിക്കുന്നത്. ലാമാ ഗോവിന്ദൻ, പേരിൽ നിന്നു വ്യക്തമാകുംപോലെ, ഒരു സന്ന്യാസിയാണ്. 'ആര്യമൈത്രേയ മഹാമണ്ഡലം' എന്ന പേരിൽ ഒരു ബുദ്ധമതവിഭാഗം അദ്ദേഹം സ്ഥാപിച്ചിട്ടുണ്ട്. ഏഷ്യയിലെ പല രാജ്യങ്ങളിലും അമേരിക്കൻ ഐക്യനാടുകളിലും ദക്ഷിണ–ആഫ്രിക്കയിലും പല യൂറോപ്യൻ രാജ്യങ്ങളിലും ഈ മതവിഭാഗത്തിൽച്ചേർന്നവർ പാർക്കുന്നു.

ബുദ്ധമതം സ്ഥാപിച്ച ശാക്യമുനി ജനിച്ചതും പ്രവർത്തിച്ചതും മരിച്ചതും ഇന്ത്യാഭൂഖണ്ഡത്തിലാണെങ്കിലും, ബുദ്ധമതം ഇന്ത്യയിലെ ഒരു ദേശീയമതമല്ല; ഒരു അന്താരാഷ്ട്രീയമതമാകുന്നു. ഇന്ത്യയിൽ ഇപ്പോരം ബുദ്ധമതവിശ്വാസികരം കുറവാണ്. ശ്രീലങ്ക, ബർമ, വിയറ്റ്നാം, ചൈന, ജപ്പാൻ, തിബത്ത്, മംഗോളിയ, കൊറിയ എന്നീ രാജ്യങ്ങളിൽ ഭൂരിപക്ഷം ജനങ്ങളും ബുദ്ധമതത്തിൽ വിശ്വസിക്കുന്നു. ബുദ്ധമതത്തിൽത്തന്നെ പല വിഭാഗങ്ങരം ഉണ്ട്. ശ്രീലങ്കയിലും ബർമയിലും പ്രചാരമുള്ളത് 'ഹീനയാനം' എന്ന വിഭാഗത്തിനാണ്. മററു സ്ഥലങ്ങളിൽ 'മഹായാനം' എന്ന ബുദ്ധമതവിഭാഗം പ്രചരിക്കുന്നു. മഹായാനത്തിനകത്തുതന്നെ തന്ത്രയാനം, വജ്രയാനം മുതലായ പല അവാന്തരവിഭാഗങ്ങളുമുണ്ട്. ജപ്പാൻകാരുടെ 'സെൻ' എന്ന ബുദ്ധമതവിഭാഗം വളരെ പ്രസിദ്ധമാണ്. 'ധ്യാനം' എന്ന സംസ്കൃതപദത്തിൻെറ ജാപ്പനീസ് രൂപാന്തരമാണ് 'സെൻ.'

പടിഞ്ഞാറൻ ജർമനിയിലെ ഭൂരിപക്ഷം ജനങ്ങളും പ്രൊട്ടസ്റ്റൻറ് ക്രിസ്തുമതത്തിൽ വിശ്വസിക്കുന്നവരാണ്. എങ്കിലും ആ രാജ്യത്ത് ധാരാളം ബുദ്ധമതസംഘങ്ങളുണ്ട്. മിക്കവയും ചെറിയ ഗ്രൂപ്പുകളാണ്. ബുദ്ധിജീവികളാണ് പ്രധാനമായും ഈ ഗ്രൂപ്പുകളിലെ അംഗങ്ങരം. ബുദ്ധമതവിശ്വാസികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലോ, വമ്പിച്ച പ്രകടനങ്ങരം മതത്തിൻെറ പേരിൽ നടത്തുന്നതിലോ അവർക്കു താല്പര്യമില്ല. ബുദ്ധമതത്തിലെ അഗാധമായ തത്ത്വചിന്തയിലും മനോനിയന്ത്രണത്തിന് ബൗദ്ധർ നിർദേശിച്ചിട്ടുള്ള യോഗപദ്ധതികളിലുമാണ് അവക്കു താല്പര്യം. അതായത്, ബുദ്ധമതം മുഖ്യമായും ആരംഭാട്ടത്തിൻെറ മതമല്ല; പ്രകടനാത്മകമല്ല, അതു വ്യക്തികളുടെ മതമാണ്, സാധനാത്മകമാണ്.

'ബുദ്ധൻെറ ഉപദേശങ്ങരം മനസ്സിലാക്കുവാൻ പ്രയാസമുണ്ട്. പക്ഷേ, അവ മനസ്സിലാക്കിയ ആളുകരം അവയിലേക്ക് ആകർഷിക്കപ്പെടുന്നു. ജീവിതത്തിൻെറ എല്ലാ സത്യങ്ങളും ഈ ഉപദേശങ്ങളിൽ അടങ്ങുന്നു.' എന്നാണ് ജർമൻകാരനായ ഒരു ബുദ്ധമതവിശ്വാസി പ്രസ്താവിച്ചത്.

ജീവിതം അനിത്യമാണ് എന്നത് ബുദ്ധമതത്തിലെ ഒരടിസ്ഥാന പ്രമാണമാകുന്നു ഈ പ്രപഞ്ചത്തിൽ മാററമില്ലാത്ത ഒന്നുണ്ടെങ്കിൽ അതു മാററം മാത്രമാണ്. അനിത്യമെന്നതുപോലെ ദുഃഖഭൂയിഷ്ഠവുമാണ് ജീവിതം

പ്രപഞ്ചത്തിൽ സംഭവിക്കുന്നത് എന്തും നിയതമായ ഒരു കാര്യകാരണബന്ധത്തെ അനുസരിക്കുന്നു അതായത്, കാരണമില്ലാതെ യാദൃച്ഛികമായി ഒന്നും സംഭവിക്കുന്നില്ല നമ്മുടെ ജീവിതാനുഭവങ്ങരംക്കു കാരണം, ഈ ജന്മത്തിലോ മുൻജന്മങ്ങളിലോ നാം ചെയ്ത കർമങ്ങളാകുന്നു. കാര്യകാരണനിയമത്തിലുള്ള വിശ്വാസമാണ ബൗദ്ധരെ പുനർജന്മവിശ്വാസത്തിലേക്കു നയിച്ചത്. നല്ല കർമങ്ങരം സൽഫലം നൽകുന്നു; ദുഷ്കർമങ്ങരം ദുഷ്ഫലവും. ഈ നിയമത്തിൽനിന്ന് ഒഴിഞ്ഞുമാറുക അസാധ്യമാണ്.

എങ്കിലും അച്ചടക്കമുള്ള മതജീവിതം നയിക്കുന്നതിലൂടെ ആർക്കും ഈ ജന്മമരണശൃംഖലയിൽനിന്നു മുക്തി നേടാം. ഹിന്ദുക്കൾ 'മുക്തി' അഥവാ 'മോക്ഷം' എന്നു വിളിക്കുന്നതുതന്നെയാണ് ബൌദ്ധരുടെ 'നിർവാണം.' നിർവാണമാണ് ബുദ്ധമതവിശ്വാസികളുടെ അഭിപ്രായത്തിൽ, പരമമായ ജീവിതലക്ഷ്യം.

ജീവിതത്തിന്റെ ആധാരമായ നാലു സത്യങ്ങളിൽ ബുദ്ധമതക്കാർ വിശ്വസിക്കുന്നു. ജീവിതം ദുഃഖഭൂയിഷ്ഠമാണ് എന്നതത്രെ ഒന്നാമത്തെ സത്യം. ദുഃഖം ഉളവാകുന്നതു ചില കാരണങ്ങളിൽനിന്നാണ് എന്നതു രണ്ടാമത്തെ സത്യമാകുന്നു. ഈ കാരണങ്ങളെ ഉന്മൂലനം ചെയ്യുന്നതുവഴി ദുഃഖത്തെ നിരോധിക്കാൻ കഴിയും എന്നതത്രേ മൂന്നാമത്തെ സത്യം. ദുഃഖനിരോധത്തിനു് ഓരോ വ്യക്തിയും അംഗീകരിക്കേണ്ട ചര്യയാണ് നാലാമത്തെ സത്യം. 'ആര്യമായ അഷ്ടാംഗമാർഗം' എന്നു് ഈ ചര്യ വിളിക്കപ്പെടുന്നു. അതായതു്, എട്ടു കാര്യങ്ങളിൽ നിഷ്കർഷിച്ചാൽ ആർക്കും ദുഃഖത്തിൽനിന്നു് ഒഴിവാകാം; നിർവാണം നേടുകയും ചെയ്യാം. സദാചാരം, വികാരനിയന്ത്രണം, അഹിംസ, നല്ല ജീവിതവൃത്തി, നല്ല പ്രവൃത്തികൾ, ധ്യാനം, സമാധി മുതലായവ ഈ എട്ടു കാര്യങ്ങളിൽ ഉൾപ്പെടുന്നു. അതിരുകടന്ന നിയന്ത്രണത്തിലേക്കോ അളവററ സുഖഭോഗങ്ങളിലേക്കോ പോകാത്ത ഒരു സുവർണമധ്യമമാർഗമാണ് ബുദ്ധൻ ഉപദേശിച്ചതു്.

ഇന്ത്യയിലും ശ്രീലങ്കയിലുമുള്ള ബൌദ്ധസന്ന്യാസികൾ കാവികൊണ്ടു നിറംപിടിപ്പിച്ച ഒരു മേൽമുണ്ടു് ഉടുക്കുകയും മറെറാരു കാവിമേൽമുണ്ടു് പുതയ്ക്കുകയും ചെയ്യുന്നു. ജർമനിയിലെ ബൌദ്ധർ കാവിത്തുണികൊണ്ടുള്ള ഒരു 'ളോഹ'യാണു ധരിക്കുന്നതു്. ഇതും, മതസമ്മേളനങ്ങളിലേ അവർ ധരിക്കാറുള്ളു. സാധാരണഗതിയിൽ അവർ യൂറോപ്യൻ ഉടുപ്പുകൾ ധരിക്കുന്നു. അവരിൽത്തന്നെ സന്ന്യാസിമാർ തല മുണ്ഡനം ചെയ്യുന്നു. ലാമാ അനാഗാരിക ഗോവിന്ദൻ തല മുണ്ഡനംചെയ്ത ആളാണു്.

പാശ്ചാത്യരാജ്യങ്ങളിലെ ബുദ്ധിജീവികൾക്കിടയിൽ പൌരസ്ത്യമതങ്ങളോടുള്ള ആദരം വർദ്ധിച്ചുവരികയാണ്. യുദ്ധഭീഷണി, പരിസരമലിനീകരണം, ജനപ്പെരുപ്പം മുതലായ, എളുപ്പത്തിൽ പരിഹാരമില്ലാത്ത, പ്രശ്നങ്ങൾ മനുഷ്യവർഗത്തിന്റെ ഭാവിയെപ്പററി ആശങ്ക വളർത്തിക്കൊണ്ടിരിക്കുകയാണല്ലോ. ഈ ചുററുപാടിൽ, ശാന്തിക്കും സമാധാനത്തിനുംവേണ്ടി മനീഷികൾ തത്ത്വചിന്തയുടെ അഗാധസ്രോതസ്സുകളിലേക്കു തിരിയുന്നതിൽ ആശ്ചര്യമില്ല. എന്നാൽ, 'ഹരേകൃഷ്ണ'ക്കാരുടെ നാമസങ്കീർത്തനങ്ങളോ രജനീശന്റെ മിശ്ര—ലൈംഗിക—ധ്യാനങ്ങളോ നൽകുന്ന ലഹരിയൊന്നും ബുദ്ധമതം വാഗ്ദാനംചെയ്യുന്നില്ല. അതു പ്രധാനമായി ഒരു സദാചാര സംഹിതയും, അതിനേക്കാളേറെ ആത്മാവിന്റെ രഹസ്യങ്ങളിലേക്കുള്ള ഒരു തീർത്ഥയാത്രയുമാകുന്നു. പ്രസിദ്ധ മനശ്ശാസ്ത്രജ്ഞനായ യുങ് പറഞ്ഞതുപോലെ, 'സ്വന്തം ആത്മാവിന്റെ നിഗൂഢതകളിലെത്തുന്നതിനേക്കാൾ എത്രയോ എളുപ്പമാണു് ചൊവ്വാഗ്രഹത്തിൽ ചെന്നെത്തൽ. സ്വന്തം ആത്മാവിനെ കണ്ടെത്താൻ ആധുനിക വൈജ്ഞാനികമനുഷ്യനെ ബൌദ്ധദർശനത്തോളം മറെറാരു ചിന്താപദ്ധതിയും സഹായിക്കുന്നില്ല.

ബുദ്ധന്റെ കാലത്തുണ്ടായിരുന്നതിനേക്കാൾ കൂടുതൽ പ്രസക്തി ബുദ്ധചിന്തകൾക്കു് ഇക്കാലത്തു് ഉണ്ടെന്നാണ് ജർമനിയിലെ ബൌദ്ധരുടെ വിശ്വാസം; പ്രത്യേകിച്ചും ബുദ്ധൻ അനുശാസിച്ച അഹിംസ, സഹിഷ്ണുത എന്നീ ആദർശങ്ങൾക്കു്. അതിനാൽ ബുദ്ധന്റെ സന്ദേശം ലോകത്തിൽ കൂടുതൽ പ്രചരിപ്പിക്കേണ്ടതു് അവശ്യമാണെന്നു് ജർമനിയിലെ ബൌദ്ധർ കരുതുന്നു. ബുദ്ധമതവാരാഘോഷങ്ങളോടു് അനു

ബന്ധിച്ച് സ്റ്റുട്ട്ഗാർട്ടിൽ സമ്മേളിച്ച 'ബൗദ്ധരുടെ ദേശീയ യൂണിയൻ' യൂറോപ്പിൽ ബുദ്ധമതപ്രചരണത്തിനു് ഒരു പരിപാടി തയ്യാറാക്കിയിട്ടുണ്ടു്. ഇതിനായി ഒരു പുതിയ നിർവഹണസമിതിയും അവർ തെരഞ്ഞെടുത്തിരിക്കുന്നു.

ബുദ്ധശിഷ്യനായ ഉപഗുപ്തനെ സംബോധനചെയ്തു് മഹാകവി കുമാരനാശാൻ പറയുകയുണ്ടായി:

'നമസ്കാരമുപഗുപ്ത!
    വരിക ഭവാൻ നിർവാണ—
നിമഗ്നനാകാതെ വീണ്ടു—
    മുലകിലേക്കായ്;
പതിതകാരുണികരാം
    ഭവാദൃശസുതന്മാരെ
ക്ഷിതിദേവിക്കിന്നു വേണ—
    മധികം പേരെ.'

പടിഞ്ഞാറെ ജർമനിയിലെ ബുദ്ധമതാനുയായികളുടെ വിശ്വാസവും മറ്റൊന്നല്ല.

(ആധാരം: റൈനിഷെ പോസ്റ്റ് എന്ന ജർമൻ പത്രത്തിൽ 1984 മെയ് 23-ാം തീയതി പ്രസിദ്ധീകരിച്ച ലേഖനം)

(12 ആഗസ്റ്റ്, 1984)

# 67. വിദ്യാഭിവർദ്ധിനി

മലയാളത്തിൽ അച്ചടിയുടെയും പുസ്തകപ്രസിദ്ധീകരണത്തിന്റെയും ചരിത്രം എന്നെങ്കിലും എഴുതപ്പെടുകയാണെങ്കിൽ അതിൽ ഉജ്ജ്വലവും വിസ്തൃതവുമായ ഒരു അദ്ധ്യായം പരേതനായ എസ്. റ്റി. റെഡ്യാരെപ്പറ്റി ആയിരിക്കും. തൊണ്ണൂററിയൊമ്പതു വർഷംമുമ്പു് 1886-ൽ ആണു് സുബ്ബയ്യാ തെന്നാട്ടു് റെഡ്യാർ കൊല്ലത്തു 'വിദ്യാഭിവർദ്ധിനി' അച്ചുക്കൂടം സ്ഥാപിച്ചതു്. വിലകുറഞ്ഞ 'പേപ്പർബാക്ക്' പുസ്തകങ്ങളെപ്പററിയുള്ള സങ്കല്പം പാശ്ചാത്യനാടുകളിൽ ഉടലെടുക്കുന്നതിനു് എത്രയോ ദശാബ്ദങ്ങരം മുമ്പുതന്നെ മലയാളത്തിലെ ക്ലാസ്സിക്കുകളും നിത്യോപയോഗമുള്ള മററു പുസ്തകങ്ങളും എത്രയും വിലകുറച്ചു് റെഡ്യാർ അച്ചടിച്ചു തയ്യാറാക്കി. ചെറുശ്ശേരിയുടെ കൃഷ്ണഗാഥ, എഴുത്തച്ഛന്റെ രാമായണവും മഹാഭാരതവും ഭാഗവതവും, ആട്ടക്കഥകരം, കുഞ്ചൻനമ്പ്യാരുടെ തുള്ളൽപ്പാട്ടുകരം മുതലായ സാഹിത്യകൃതികളും, ജ്യോതിഷം, ആയുർവേദം, തത്ത്വശാസ്ത്രം മുതലായ പ്രായോഗികശാസ്ത്രങ്ങരം സംബന്ധിച്ച പ്രാമാണിക ഗ്രന്ഥങ്ങളും, സംസ്കൃത വിദ്യാർത്ഥികളുടെ പ്രാഥമിക പാഠപുസ്തകങ്ങളായിരുന്ന സിദ്ധരൂപവും അമരകോശവും, മററും ആദ്യമായി സാധാരണക്കാരായ മലയാളികരം വാങ്ങി വായിച്ചതു് റെഡ്യാരുടെ കൈയിൽനിന്നാണു്. ഇത്തരം പുസ്തകങ്ങരം വായിച്ചു മനസ്സിലാക്കാൻമാത്രം വിദ്യാഭ്യാസമില്ലാത്ത, എങ്കിലും അക്ഷരജ്ഞാനമുള്ള, പാവപ്പെട്ടവരുടെ ഉപയോഗത്തിനുവേണ്ടി ലഘുസ്തോത്രങ്ങളും ലളിതങ്ങളായ നാടൻപാട്ടുകളും മററും, ലഘുലേഖകരം പോലെ, അച്ചടിച്ചു് ഒട്ടിച്ചോ തുന്നിക്കെട്ടിയോ വിതരണം ചെയ്യുന്നതി